## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2400 08.07.2015-ലെ മറുപടിയ്ക്ക്

## വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നതെന്നു വിശദമാക്കുമോ ; | എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും ഒരു വ്യക്തിക്ക് 50,000/-രൂപ വിവാഹ ധനസഹായമായി നൽകിവരുന്നു. |
| ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ നൽകുമോ ; | ബി) മുൻ സർക്കാരിന്റെ കാലത്ത് ടി പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 20,000/-രൂപ ധനസഹായമായി നൽകിയിരുന്നു. അപേക്ഷ-കരുടെ വാർഷിക വരുമാന പരിധി 22,000/-രൂപയായിരുന്നു. ഇപ്പോൾ വാർഷിക വരുമാന പരിധി 50,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | സി) മുൻ സർക്കാരിന്റെ കാലത്ത് നൽകിയിരുന്ന തുക അപര്യാപ്തമാണെന്ന് കണ്ടതിനാലാണ് ധനസഹായ തുക വർദ്ധിപ്പിച്ചത്. |

Rashmi [signature]

സെക്ഷൻ ഓഫീസർ